തിരുവനന്തപുരം
07.09.2023

പ്രിയമുള്ളവരെ,

നമ്മുടെ സ്ഥാപനത്തിന്റെ 35 വർഷത്തെ ചരിത്രത്തിൽ ആദ്യമായി, 16.08.2023 ൽ കൂടിയ ജനറൽ ബോഡി യോഗം 2021 -22 വർഷത്തെ ലാഭ വിഹിതം പ്രഖ്യാപിക്കുകയുണ്ടായി. തുടർന്ന്, കഴിഞ്ഞ ദിവസം ബഹു. ആരോഗ്യ വനിതാ ശിശു വികസന വകുപ്പ് മന്ത്രി ശ്രീമതി വീണ ജോർജ്ജ് സംസ്ഥാന സർക്കാറിന്റെ വിഹിതം ബഹു. മുഖ്യമന്ത്രിക്ക് കൈമാറിയ വിവരം പത്ര മാധ്യമങ്ങൾ മുഖേന നിങ്ങൾ അറിഞ്ഞു കാണുമല്ലോ.

ഇതിനു പുറമെ മറ്റ് ചില സന്തോഷ വാർത്തകൾ കൂടി നിങ്ങളോട് പങ്കു വെക്കുന്നതിന് ഈ അവസരം ഉപയോഗിക്കുകയാണ്:

സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളെ പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ നാലായി തരം തിരിച്ചിരിക്കുന്നതിൽ നാലാമത്തെ D (Bronze) വിഭാഗത്തിൽ ആണ് നാളിത് വരെ നമ്മെ ഉൾപ്പെടുത്തിയിരുന്നത്. എന്നാൽ കഴിഞ്ഞ അഞ്ചു വർഷത്തെ പ്രവർത്തന മികവ് കണക്കിലെടുത്തു കൊണ്ട്, ധനകാര്യ വകുപ്പിന്റെയും ബി പി ഇ (Bureau of Public Enterprises) യുടെയും ശുപാർശകൾ അടിസ്ഥാനമാക്കി, ആഗ: 14 ന് ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ നടന്ന പബ്ലിക് എന്റർപ്രൈസസ് ബോർഡ് യോഗത്തിൽ നമ്മുടെ സ്ഥാപനത്തെ **'C' (Silver)** വിഭാഗത്തിലേക്ക് ഉയർത്തിയിട്ടുണ്ട്.

ആഗ:20 മുതൽ 26 വരെ കോഴിക്കോട്ട് നടന്ന **'എസ്കലേറ'** - വനിതാ സംരംഭകർക്ക് വേണ്ടി നാം ഒരുക്കിയ പ്രദർശന വിപണന മേളയും വളരെ ഗംഭീരമായ രീതിയിൽ നടത്തുന്നതിന് നമുക്ക് സാധിച്ചു. മേളയിൽ പങ്കെടുത്ത നിരവധി സംരംഭകർ അവരുടെ സന്തോഷം നേരിട്ടും ഫോൺ മുഖേനയും അറിയിക്കുകയും, നമ്മുടെ ഉദ്യോഗസ്ഥരുടെ പെരുമാറ്റം, കരുതൽ എന്നിങ്ങനെ അവർ നെഞ്ചേറ്റിയ **'എസ്കലേറ'** അനുഭവങ്ങൾ പങ്കു വെക്കുകയുമുണ്ടായി. അതോടൊപ്പം നൂറ്റമ്പതിലേറെ കുടുംബങ്ങൾക്ക് നല്ല രീതിയിൽ ഓണം ഒരുക്കുന്നതിനും ആഘോഷിക്കുന്നതിനും നമ്മുടെ മേള കാരണമായി എന്നതും നമുക്കെല്ലാം അങ്ങേയറ്റം ചാരിതാർത്ഥ്യജനകമാണ്.

വായ്പാവിതരണത്തിലും തിരിച്ചടവിലും ഓരോ വർഷവും നാം റെക്കോഡ് നേടുന്നതുൾപ്പടെ, മേൽ വിവരിച്ച ഓരോ വിജയവും നാം കൈവരിച്ചത് നമ്മുടെ ടീമിന്റെ ഒത്തൊരുമയോടെയുള്ള പ്രവർത്തനത്തിലൂടെയാണ്. വളരെ വർഷങ്ങൾ കുടിശ്ശികയായിരുന്ന ആഡിറ്റ് ജോലികൾ 2021-22 ൽ കാലികമാക്കിയതിന് പിന്നിൽ പ്രവർത്തിച്ച ഉദ്യോഗസ്ഥരെയും, എസ്കലേറ പ്രദർശന വിപണന മേളയെ ഒരുക്കുന്നതിലും നടത്തിക്കുന്നതിലും അവസാനം

വരെ  നിതാന്ത ജാഗ്രതയോടെ പ്രവർത്തിച്ച നമ്മുടെ മുഴുവൻ ജീവനക്കാരെയും ഉദ്യോഗസ്ഥരെയും ഈ സന്ദർഭത്തിൽ ഹൃദയപൂർവ്വം അഭിനന്ദിക്കുന്നു.

ഒത്തൊരുമിച്ച പ്രവർത്തനത്തിലൂടെ,  കൂടുതൽ നേട്ടങ്ങൾ കൈവരിക്കുന്നതിനും സ്ഥാപനത്തെ ഇനിയും ഉയർന്ന തലങ്ങളിൽ എത്തിക്കുന്നതിനും നമുക്ക് കഴിയണം എന്ന് ഓർമ്മിപ്പിക്കുന്നതോടൊപ്പം, ഓരോ വിജയവും നാടിന്റെ പ്രതീക്ഷകൾ നിർവ്വഹിക്കുന്നതിനുള്ള വർധിച്ച ഉത്തരവാദിത്തമാണെന്ന് കൂടി തിരിച്ചറിഞ്ഞു കൊണ്ട്, ഈ നേട്ടങ്ങൾ, കൂടുതൽ കരുത്തോടെ, ഐക്യത്തോടെ പ്രവർത്തിക്കുന്നതിനും മുന്നേറുന്നതിനുമുള്ള ഊർജ്ജം  നമ്മുടെ ടീമിന് പകരട്ടെ എന്നും ആശംസിക്കുന്നു.

ബിന്ദു വി സി<br>
മാനേജിംഗ് ഡയറക്ടർ

കെ സി റോസക്കുട്ടി<br>
ചെയർപേഴ്സൺ